**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 7814      23.07.2012-ൽ മറുപടിയ്ക്ക് ഉണ്ടായിരുന്നത്

## അന്യസംസ്ഥാന തൊഴിലാളികളുടെ ക്രിമിനൽ പ്രവർത്തനങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ചിറ്റയം ഗോപകുമാർ | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) | അന്യസംസ്ഥാന തൊഴിലാളികൾ പ്രതികളായി എത്ര ക്രിമിനൽ കേസ്സുകൾ സംസ്ഥാനത്ത് ഇക്കഴിഞ്ഞ വർഷം രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നുള്ളത് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (എ) | അന്യസംസ്ഥാന തൊഴിലാളികൾ പ്രതികളായി സംസ്ഥാനത്ത് 2011- ൽ 171 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. രജിസ്റ്റർ ചെയ്ത ക്രിമിനൽ കേസുകളുടെ ജില്ല തിരിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | സംസ്ഥാനത്ത് അന്യസംസ്ഥാന തൊഴിലാളികൾ ക്രിമിനൽ സ്വഭാവമുള്ള പ്രവർത്തനങ്ങളിൽ അധികമായി ഏർപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ലഭ്യമായ കണക്കുകൾ വിശകലനം ചെയ്യുമ്പോൾ അന്യസംസ്ഥാന തൊഴിലാളികൾ പ്രതികളായ കേസുകൾ വർദ്ധിച്ചു വരുന്നതിൽ നിന്നും ഇക്കൂട്ടർ ക്രിമിനൽ സ്വഭാവമുള്ള പ്രവർത്തനങ്ങളിൽ അധികമായി ഏർപ്പെട്ടുവരുന്നതായി കാണുന്നു. |
| (സി) | ഉണ്ടെങ്കിൽ ആയത് നിയന്ത്രിക്കുന്നതിന് എന്തെങ്കിലും പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് നിയന്ത്രിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ ? | (സി) | അന്യസംസ്ഥാന തൊഴിലാളികൾ കൂട്ടമായി താമസിക്കുന്ന സ്ഥലങ്ങളിൽ പോലീസ് നിരീക്ഷണം നടത്തി വരുന്നു. കൂടാതെ അന്യസംസ്ഥാന തൊഴിലാളികളെ സംബന്ധിച്ച വിവരങ്ങൾ, ഫോട്ടോ സഹിതം അതാതു എസ്.എച്ച്.ഒ മാർ പ്രത്യേകം രജിസ്റ്ററിൽ രേഖപ്പെടുത്തി വരുന്നു. കൂടാതെ തൊഴിലുടമകളും കോൺട്രാക്ടർമാരും തൊഴിലാളികളെ സംബന്ധിച്ച വിവരങ്ങൾ സൂക്ഷിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കുറ്റകൃത്യങ്ങളിൽ പ്രതികളാകുന്നവരുടെ ഡേറ്റാ ബാങ്ക് തയ്യാറാക്കുന്നതോടൊപ്പം വിരലടയാളവും റെക്കോർഡ് ചെയ്തു വരുന്നു. കേസ്സുകളിൽ പ്രതികളാകുന്നവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| District | Cases Registered in 2011 |
|---|---|
| TVPM City | 19 |
| TVPM Rural | 1 |
| KLM City | 2 |
| KLM Rural | 6 |
| PTA | 14 |
| ALPY | 6 |
| KTM | 17 |
| IDKI | 0 |
| EKM City | 13 |
| EKM Rural | 36 |
| TSR City | 4 |
| TSR Rural | 10 |
| PKD | 3 |
| MLPM | 16 |
| KKD City | 2 |
| KKD Rural | 9 |
| WYND | 0 |
| KNR | 9 |
| KSGD | 0 |
| Railways | 4 |
| **Total** | **171** |

സെക്ഷൻ ഓഫീസർ